സത്യവ്രതം സത്യപരം ത്രിസത്യം സത്യസ്യ യോനിം നിഹിതം ച സത്യേ
സത്യസ്യ സത്യമൃതസത്യനേത്രം സത്യാത്മകം ത്വാം ശരണം പ്രപന്നാ: **(10-2-26)**
ത്വയ്യംബുജാക്ഷാഖിലസത്ത്വധാമ്നി സമാധിനാ$ff$ വേശിതചേത സൈകേ
ത്വത്പാദ പോതേന മഹത്കൃതേന കുർവ്വന്തി ഗോവത്സപദം ഭവാബ്ധിം **(10-2-30)**
മത്സ്യാശ്വകച്ഛപനൃസിംഹവരാഹഹംസ രാജന്യവിപ്രവിബുധേഷു കൃതാവതാര:
ത്വം പാസി നസ്ത്രിഭുവനം ച യഥാധുനേശഭാരം ഭുവോ ഹര യദൂത്തമ വന്ദനം തേ **(10-2-40)**

*ശുകമുനി തുടർന്നു:*
ദേവൻമാരും മാമുനിമാരും ഭഗവാൻ പരമശിവന്റെ നേതൃത്വത്തിൽ ദേവകിയും വസുദേവനും തടങ്കലിലുള്ള കാരാഗൃഹത്തിൽ ചെന്ന് ഇനിയും ജനിച്ചിട്ടില്ലാത്ത ഭഗവാനെ ഇങ്ങിനെ വർണ്ണിച്ചു പ്രാർത്ഥിച്ചു.

“ഭഗവൻ: അങ്ങ് എപ്പോഴും അവിടുത്തെ വാക്കു പാലിക്കുന്നു. അവിടുന്നു സത്യത്തെ മാത്രം പരമമെന്നു കണക്കാക്കുന്നു. അവിടുന്നു ഭൂത ഭാവി വർത്തമാനങ്ങളിലെ സത്യമത്രെ. അതിസൂക്ഷ്മങ്ങളായ പഞ്ചഭൂതങ്ങളുടെ മൂലം അവിടുന്നത്രെ. അവയുടെ ഉൺമയും മറ്റാരുമല്ല. അവിടുത്തെ കണ്ണുകൾ സത്യവും ധർമ്മവുമത്രെ. സത്യത്തിന്റെ ആത്മാവും അവിടുന്നു തന്നെ. ഞങ്ങൾ അങ്ങയെ അഭയം പ്രാപിക്കുന്നു. സൃഷ്ടിയെന്നറിയപ്പെടുന്ന വൃക്ഷം ദിവ്യതയെന്ന ഒരേ ഒരു ഭൂമിയിലാണ് നില കൊള്ളുന്നത്. നൻമതിൻമകൾ തുടങ്ങിയ ഫലങ്ങളാണതിൽ. ത്രിഗുണങ്ങളാകുന്ന വേരുകൾ. ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാർത്ഥങ്ങൾ ആ വൃക്ഷത്തിന്റെ രസങ്ങൾ. പഞ്ചേന്ദ്രിയങ്ങൾ അതിന്റെ ഭാഗങ്ങളത്രെ. ആറ് അവസ്ഥകൾ: ജനനം ജിവിതം വളർച്ച പക്വത വാർദ്ധക്യം മരണം എന്നിവയാണ്. തൊലി മാംസം രക്തം മേദസ് മജ്ജ അസ്ഥി ശുക്ലം എന്നീ ഏഴു തോലുകളാണ് മരത്തിന്. എട്ടു ചില്ലകൾ: പഞ്ചേന്ദ്രിയങ്ങൾ മനസ്സ് ബുദ്ധി അഹങ്കാരം എന്നിവ. നവദ്വാരങ്ങൾ: കണ്ണുകൾ ചെവികൾ നാസികകൾ രണ്ട് വിസർജ്ജനാവയവങ്ങൾ വായ് എന്നിവ മരത്തിലെ പൊത്തുകളത്രെ. ആ മരത്തിലെ രണ്ടു പക്ഷികളിലൊന്ന് ജീവാത്മാവും മറ്റേത് പരമാത്മാവും തന്നെയാണ്. അതിലെ പത്തിലകൾ ഇവയാണ്: അഞ്ച് പ്രധാന പ്രാണൻമാരും അഞ്ച് ഉപപ്രാണൻമാരും അതായത് പ്രാണൻ അപാനൻ വ്യാനൻ ഉദാനൻ സമാനൻ നാഗൻ കൂർമൻ കൃകലൻ ദേവദത്തൻ ധനജ്ഞയൻ എന്നിവർ. അവിടുന്നാണ് ഈ വൃക്ഷത്തിന്റെ പ്രഭവസ്ഥാനം. അവിടുന്നതിനെ പരിരക്ഷിക്കുന്നു. എങ്കിലും അവിടുന്ന് എല്ലായ്പ്പോഴും ഒരു സാക്ഷി മാത്രമായി നിലകൊള്ളുന്നു. അങ്ങയിൽ ഭക്തരായിട്ടുള്ളവർ ജനനമരണങ്ങളുള്ള സംസാരസാഗരത്തെ ഗോഷ്പദത്തെയെന്നപോൽ തരണം ചെയ്യുന്നു. അവരുടെ ജീവിതോദാഹരണം മറ്റുള്ളവർക്ക് ഈ സംസാരസാഗരതരണത്തിന് വഴികാട്ടിയായി വർത്തിക്കുന്നു. ഭഗവൽസാക്ഷാത്ക്കാരപാതയിൽ നിന്ന് അവർ വ്യതിചലിക്കുന്നില്ല. ഓരോ തടസ്സങ്ങളും ബുദ്ധിമുട്ടുകളും സ്വയം തരണം ചെയ്ത് അവർ ലക്ഷ്യം പ്രാപിക്കുന്നു. അവിടുത്തെ നാമം ശ്രവിക്കുകയോ അവിടുത്തെ നാമമഹിമകൾ കേൾക്കുകയോ പറയുകയോ ചെയ്യുന്ന ഭക്തന് പുനർജൻമം ഇല്ല തന്നെ.

ഭഗവാനേ അവിടുന്ന് ധർമ്മ സംസ്ഥാപനത്തിനായി ഭൂമിയിൽ വീണ്ടും വീണ്ടും അവതരിച്ചിട്ടുണ്ട്. മത്സ്യമായും കുതിരയായും ആമയായും നരസിംഹമായും പന്നിയായും ഹംസമായും രാജകുമാരനായും ബ്രാഹ്മണനായും മറ്റനേകരൂപങ്ങളിലും അങ്ങ് അവതാരമെടുത്തിട്ടുണ്ട്. അവിടുന്ന് എല്ലായ്പ്പോഴും ഞങ്ങളെ സംരക്ഷിക്കുന്നു. ഇപ്പോഴും ഭഗവാനേ അവിടുന്ന് ഭൂമീദേവിയെ ഈ അമിതഭാരത്തിന്റെ ദുരിതത്തിൽ നിന്ന് മോചിപ്പിച്ചാലും.”

ഇങ്ങിനെ പ്രാർത്ഥിച്ച് ദേവവൃന്ദം സ്വർഗ്ഗത്തിലേക്ക് മടങ്ങി.